LIBRARY ARCHIVES Kerala Legislative Assembly

കൂടി മൊത്തം 3362 പേർക്ക് ബാങ്ക് മുഖേന പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2015 ജനുവരി മുതൽ മേയ് മാസം ഉൾപ്പെടെ 5 മാസത്തെ പെൻഷൻ ആണ് കുടിശ്ശികയായിട്ടുള്ളത്. ബാങ്ക് മുഖേന വിതരണം നടത്തുമ്പോൾ അക്കൗണ്ട് നമ്പറിലും, ഐ.എഫ്.സി. കോഡിലും വരുന്നവ്യത്യാസം കാരണവും, ബാങ്ക് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതുമൂലവും, ഞാറയ്ക്കൽ, ചെറായി, എറണാകുളം എന്നീ ഫിഷറീസ് ഓഫീസർമാരുടെ പരിധിയിൽ 17 പേർക്ക് പെൻഷൻ ലഭിക്കാതെ വന്നിട്ടുണ്ട്. ഇങ്ങനെയുള്ള പെൻഷണർമാർ രേഖാമൂലം പരാതി സമർപ്പിക്കുന്ന മുറയ്ക്ക് ടി പരാതി പരിഹരിച്ച് പെൻഷൻ നൽകിവരുന്നുണ്ട്.

(ബി) പെൻഷൻ ലഭിക്കുന്നതിനായി ബാങ്ക് അക്കൗണ്ടുകൾ സമർപ്പിച്ചിട്ടുള്ളവർക്ക് പ്രസ്തുത അക്കൗണ്ടിൽ പെൻഷൻ ലഭിച്ചിട്ടില്ലെന്ന പരാതി സമർപ്പിക്കുന്നവർക്ക് അവരുടെ അക്കൗണ്ട് നമ്പറിലെ അപാകത പരിഹരിച്ച് പെൻഷൻ ബാങ്ക് മുഖേന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഞാറയ്ക്കൽ, ചെറായി, എറണാകുളം എന്നീ ഫിഷറീസ് ഓഫീസുകളുടെ പരിധിയിൽവരുന്ന പെൻഷണർമാരിൽ പെൻഷൻ ലഭിക്കാതെ വന്നിട്ടുള്ളവരുടെ മേൽവിലാസം അനുബന്ധമായി ചേർക്കുന്നു.

## മത്സ്യബന്ധനത്തിനിടെ മരണം സംഭവിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായം

159 (163) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിനിടെ മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നിലവിൽ സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ ; എങ്കിൽ ധനസഹായം ലഭിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) മത്സ്യബന്ധനത്തിനിടെ മരണപ്പെട്ട കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിലെ മേപ്പറമ്പത്ത് ദേവദാസൻ എന്നയാളുടെ കുടുംബത്തിന്റെ ധനസഹായത്തിനായുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ, സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടംമൂലം മരണമടയുന്ന മത്സ്യ തൊഴിലാളിയുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ ഇൻഷ്വറൻസ് ധനസഹായം നൽകുന്നു. കൂടാതെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ 2 മക്കൾക്ക് വിദ്യാഭ്യാസ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സഹായമായി പരമാവധി 10,000 രൂപയും, ശവസംസ്കാര ചടങ്ങിന് 2000 രൂപയും നൽകുന്നു. മേൽ പദ്ധതിയ്ക്ക് പുറമേ 1-4-2015-ന് ശേഷം അപകടംമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ആം ആദ്മി ബീമായോജന എന്ന പദ്ധതി പ്രകാരം 75,000 രൂപയും സാധാരണ മരണം സംഭവിക്കുകയാണെങ്കിൽ 30,000 രൂപയും നൽകുന്നു. മത്സ്യബന്ധനത്തിനിടെ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ബോർഡ് മുഖേന നടപ്പിലാക്കുന്ന ധനസഹായപദ്ധതി പ്രകാരം 50,000 രൂപ നൽകുന്നുണ്ട്. കൂടാതെ വിധവാ പെൻഷൻ പദ്ധതി പ്രകാരം ആശ്രിതയായ ഭാര്യയ്ക്ക് പ്രതിമാസം 600 രൂപ പെൻഷൻ നൽകിവരുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ പുതിയാപ്പയെന്ന സ്ഥലത്ത് മേപ്പറമ്പത്ത് ദേവദാസൻ എന്നയാൾ മരണപ്പെട്ടത് സംബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായത്തിനായി ഇതുവരെ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല.

**മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ലംപ്സം ഗ്രാന്റ് കുടിശ്ശിക**

160 (164) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനത്തിനായി നൽകിവരുന്ന ലെംപ്സം ഗ്രാന്റ് കുടിശ്ശിക എത്രയെന്നറിയിക്കാമോ ;

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പഠനച്ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിലെ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനും മുൻവർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനുമായി 24 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകുകയും ആയത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷത്തിൽ ഇനിയും വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിന് 5,57,33,068 രൂപ കുടിശ്ശിക ഉള്ളതായി ജില്ലാ ഓഫീസർമാർ റിപ്പോർട്ട ചെയ്തിട്ടുണ്ട്.